# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1

28/11/2018 ൽ മറുപടിക്ക്

**ശബരിമല സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൗരസമത്വം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.എൻ.വിജയൻ പിള്ള<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) | |
| (എ) | കേവലം ജൈവപ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ ഭക്തകളായ സ്ത്രീകളെ ശബരിമലയിൽ പ്രവേശിക്കുന്നതിൽ നിന്ന് വിലക്കിയിരുന്ന സ്ത്രീവിവേചനം ഭരണഘടനാവി രുദ്ധമാണെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൗരസമത്വം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിധിയുടെ അടിസ്ഥാനത്തിൽ ശബരിമല ദർശനത്തിനെത്തിയ സ്ത്രീകളെ തടഞ്ഞ അക്രമാസക്തരായ പ്രതിഷേധക്കാർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്ര ദർശനത്തിനെത്തിയ സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കിയിരുന്നു. പ്രതിഷേധക്കാർക്കെതിരെ പോലീസ് ഫലപ്രദമായ നടപടി സ്വീകരിച്ചതു മൂലം തീർത്ഥാടകർക്ക് സുഗമമായി ദർശനം നടത്താനുള്ള സാഹചര്യം നിലവിലുണ്ട്. |
| (ബി) | ഈ കേസിൽ സുപ്രീംകോടതി നിർദ്ദേശത്തെ ഉടർന്ന് സർക്കാർ നൽകിയ സത്യവാങ്മൂലത്തിലെ പ്രധാന നിലപാടുകൾ വ്യക്തമാക്കാമോ; | (ബി) | 2007 ൽ അന്നത്തെ സർക്കാർ, ഭരണഘടന അനുശാസിക്കുന്ന തുല്യ നീതിക്കനുസൃതമായി എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ക്ഷേത്ര ദർശനം അനുവദിക്കണമെന്നും എന്നാൽ ആചാര സംബന്ധമായ കാര്യമായതിനാൽ ഹിന്ദു ധർമ്മ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ആചാര്യൻമാരുടെ അഭിപ്രായം കൂടി തേടിയശേഷം തീരുമാനം കൈക്കൊള്ളണമെന്നും, ഇക്കാര്യത്തിൽ നിയ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും ഇത് സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതാണെന്നും സത്യവാങ്മൂലം നല്കിയിരുന്നു. മുൻ സർക്കാർ ഈ സത്യവാങ്മൂലം പിൻവലിച്ച് യുവതി പ്രവേശനത്തിനെതിരായി സത്യവാങ്മൂലം നല്കി. ഈ സർക്കാർ 2007 ലെ സത്യവാങ്മൂലത്തിൽ ഉറച്ചുനില്ക്കുന്നു എന്ന് സുപ്രീം കോടതിയെ അറിയിക്കുകയാണുണ്ടായത്. |
| (സി) | മറിച്ച് വിധി വരികയോ കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തുകയോ ചെയ്യുന്നതുവരെ സുപ്രീംകോടതി വിധി അലംഘ്യമായതിനാൽ വിശ്വാസികളെ കബളിപ്പിച്ച് മുന്നിൽ നിർത്തി സംസ്ഥാനത്ത് വർഗ്ഗീയതയും മതവിദ്വേഷവും പരത്താൻ നടത്തിയ ശ്രദ്ധനീക്കം വെളിച്ചത്തായതിന്റെ പശ്ചാത്തലത്തിൽ വിധ്വംസക പ്രവർത്തനത്തിൽ ഏർപ്പെട്ട | (സി) | ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ക്രമസമാധാന നില തകർത്ത് സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാക്കുന്നതിനും ചില വർഗ്ഗീയ ശക്തികൾ നടത്തുന്ന ശ്രമങ്ങൾ പ്രതിരോധിക്കു ന്നതിന് സർക്കാർ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാരെ പ്രതിരോധിക്കുന്നതിന് |

| | | | |
|---|---|---|---|
| | വ്യക്തികൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതോടൊപ്പം രാജ്യത്തെ ഭരണഘടനയോട് കൂറുപുലർത്തുമെന്നും രാജ്യത്തിന്റെ ഐക്യം ഉയർത്തിപ്പിടിക്കുമെന്നും ഉറപ്പുനൽകി അംഗീകാരം നേടി അത് ലംഘിച്ച രാഷ്ട്രീയ പാർട്ടിക്കെതിരെ കൂടി നിയമ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | | ശബരിമലയിൽ പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ